(സി) ജൂനിയർ കോപ്പറേറ്റീവ് ഇൻസ്പെക്ടർമാരുടെ എത്ര ഒഴിവുകൾ നികത്തുവാനുണ്ടെന്ന് വെളിപ്പെടുത്താമോ;

(ഡി) ഇതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഇതിലേക്ക് പി.എസ്.സി. റാങ്കുലിസ്റ്റ് നിലവിലുണ്ടോ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് നിലവിൽവരുമെന്ന് വെളിപ്പെടുത്താമോ;

(ഇ) ജൂനിയർ കോപ്പറേറ്റീവ് ഇൻസ്പെക്ടർമാരുടെ നിയമനം സംബന്ധിച്ച് സ്പെഷ്യൽ റൂൾ നിലവിലുണ്ടോ; എങ്കിൽ ഓപ്പൺ കാറ്റഗറിയിൽ നിശ്ചിത ശതമാനം വ്യവസ്ഥ ചെയ്യുന്നുണ്ടോ;

(എഫ്) കഴിഞ്ഞ അഞ്ചുകൊല്ലമായി സർവ്വീസിലുള്ള എത്രപേരെ പ്രൊമോഷൻ മുഖേന ജൂനിയർ കോപ്പറേറ്റീവ് ഇൻസ്പെക്ടർമാരായി നിയമിച്ചു എന്നും എത്രപേരെ പി.എസ്.സി. മുഖേന നിയമിച്ചു എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) സഹകരണ സ്ഥാപനങ്ങളിൽ സഹകരണ ഇൻസ്പെക്ടർമാർ ഒരുമാസം കുറഞ്ഞത് 3 മിന്നൽ പരിശോധനയും 2 വിശദ പരിശോധനയും നടത്തിയിരിക്കണം എന്നതാണ് നിലവിലുള്ള നിർദ്ദേശം.

(ബി) സഹകരണ സ്ഥാപനങ്ങളിൽ അതാതു സഹകരണ വർഷം അവസാനിക്കുന്നതിനു മുൻപായിതന്നെ 1969-ലെ കേരള സഹകരണ നിയമത്തിലെ വകുപ്പ് 66 പ്രകാരമുള്ള പരിശോധന നടത്തേണ്ടതാണെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി പരിശോധനകൾ അവലോകനം നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.

(സി) 336 ഇൻസ്പെക്ടർ/ആഡിറ്റർമാരുടെ ഒഴിവുകൾ നികത്തുവാനുണ്ട്.

(ഡി) ഇൻസ്പെക്ടർ/ആഡിറ്റർ തസ്തികയിലേക്കുള്ള നിയമനത്തിന് അനുയോജ്യരായ ഉദ്യോഗാർത്ഥികളെ ശുപാർശ ചെയ്യുവാൻ പി.എസ്.സി. യോട് ആവശ്യപ്പെട്ടിട്ടുണ്ട്. ടി തസ്തികയ്ക്കുള്ള പി.എസ്.സി. ലിസ്റ്റ് നിലവിലില്ല. ലിസ്റ്റ് എന്നത്തേക്ക് നിലവിൽവരും എന്നുള്ള വിവരം അറിയില്ല.

(ഇ) സ്പെഷ്യൽ റൂൾ നിലവിലുണ്ട്. ഓപ്പൺ കാറ്റഗറിയിൽ 40% വ്യവസ്ഥ ചെയ്യുന്നുണ്ട്.

(എഫ്) കഴിഞ്ഞ അഞ്ചുകൊല്ലമായി 276 യു.ഡി.സി/യു.ഡി. ടൈപ്പിസ്റ്റ്മാരെ ഉദ്യോഗക്കയറ്റം വഴി ജൂനിയർ ഇൻസ്പെക്ടർ/ആഡിറ്റർമാരായി നിയമിച്ചിട്ടുണ്ട്. പി.എസ്.സി. വഴി വി.ഇ.ഒ. മാരിൽ നിന്നും ട്രാൻസ്ഫർ മുഖേന 29 പേർ ജൂനിയർ ഇൻസ്പെക്ടർ/ആഡിറ്റർമാരായി ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്.

104 (1959) പെൻഷൻ ബോർഡിലെ സസ്പെൻഷൻ

ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്ത ആരെയെങ്കിലും സസ്പെന്റ് ചെയ്തിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ആരെയാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഇതിനുള്ള കാരണങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) സസ്പെന്റ് ചെയ്യപ്പെട്ട ജീവനക്കാരനെതിരെ ഏത് രീതിയിലുള്ള അന്വേഷണമാണ് നടത്തുന്നത്; വിശദവിവരം നൽകുമോ;

(ഇ) അദ്ദേഹത്തെ സർവ്വീസിൽ തിരിച്ചെടുത്തിട്ടുണ്ടോ; വിശദവിവരം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സഹകരണ വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സൂപ്രണ്ടായി ജോലിനോക്കിയിരുന്ന ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ ശ്രീ. എ. ശ്രീകുമാറിനെയാണ് സസ്പെന്റ് ചെയ്തിട്ടുള്ളത്.

(സി) പെൻഷൻ ബോർഡ് സെക്രട്ടറിയോട് അപമര്യാദയായി സംസാരിക്കുകയും തുടർന്ന് ടിയാനെ കൈയേറ്റം ചെയ്യാൻ ശ്രമിക്കുകയും ചെയ്തു എന്ന പരാതിയുടെ അടിസ്ഥാനത്തിൽ.

(ഡി) കേരള സിവിൽ സർവ്വീസുകൾ (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരമുള്ള വകുപ്പുതല അന്വേഷണമാണ് നടത്തുന്നത്.

(ഇ) തിരിച്ചെടുത്തിട്ടുണ്ട്. ശിക്ഷണ നടപടികൾക്കു ഭംഗം വരാത്ത രീതിയിൽ ഇദ്ദേഹത്തെ സർവ്വീസിൽ തിരിച്ചെടുത്ത് പത്തനംതിട്ട ജോയിന്റ് രജിസ്ട്രാർ, ജനറലിന്റെ നിയന്ത്രണത്തിൽ നിയമിച്ചിട്ടുണ്ട്.

105 (1960) സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡിൽ നിയമിക്കപ്പെട്ടവർ

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്രപേരെ നേരിട്ട് നിയമിച്ചിട്ടുണ്ട്;

(ബി) നിയമനം ലഭിച്ചവർ ഏതൊക്കെ തീയതികളിൽ ആണ് ജോലിയിൽ പ്രവേശിച്ചത്;

(സി) ഇതിൽ എത്രപേരെ പിരിച്ചുവിട്ടു എന്ന് വെളിപ്പെടുത്തുമോ; എത്ര പേർ ജോലിയിൽ തുടരുന്നുണ്ട്;

(ഡി) പിരിച്ചുവിടൽ ഉത്തരവിൽ ബോർഡ് പറഞ്ഞിരിക്കുന്ന കാരണങ്ങൾ എന്തൊക്കെയാണ്;

(ഇ) ഇപ്പോൾ ജോലിയിൽ തുടരുന്നവർക്ക് ഈ കാരണങ്ങളിൽ ഏതൊക്കെ ബാധകമാണെന്ന് വ്യക്തമാക്കുമോ;

(എഫ്) ജോലിയിൽ തുടരുന്നവരുടെ നിയമനം അംഗീകരിക്കൽ, പ്രൊബേഷൻ ഡിക്ലയർ ചെയ്യൽ, ശമ്പളകുടിശ്ശികനൽകൽ മുതലായ കാര്യത്തിൽ ബോർഡ് തീരുമാനം എടുത്തിട്ടുണ്ടോ; വിശദവിവരം നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly